(3) വി.സി. 16/2015/സി.ആർ.ഇ.

പനങ്ങാട്-കുമ്പളം ടോൾ ജംഗ്ഷന് സമീപം നിന്ന് 2-5-2015-ന് വാഹന പരിശോധന നടത്തി വരവേ മണൽ കയറ്റി വന്ന ലോറി ഡ്രൈവറിൽ നിന്നും 100 രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് പനങ്ങാട് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ശ്രീ. എം. ബി. ശ്രീകുമാർ, ഡ്രൈവർ സീനിയർ സിവിൽ പോലീസ് ഓഫീസർ 10972 ശ്രീ. ബിജു എന്നിവരെ കൊച്ചി സിറ്റി പോലീസ് മേധാവിയുടെ 2-5-2015-ലെ എച്ച്1-28695/2015 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ അത്തരം ആക്ഷേപങ്ങൾക്ക് പ്രസക്തിയില്ല.

രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

24 (4352) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ജനസമ്പർക്ക പരിപാടിയിൽ കോഴിക്കോട് ജില്ലയിൽ ലഭിച്ച പരാതികളിൽ 25,000 രൂപക്ക് മുകളിൽ തുക നൽകിയ എത്ര കേസുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ ; ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) എം.എൽ.എ.-മാരുടെ ശിപാർശയോടൊപ്പം ലഭിച്ച അപേക്ഷയിന്മേൽ ഈ സാമ്പത്തിക വർഷം 25,000 രൂപയ്ക്ക് മുകളിൽ തുക അനുവദിച്ച എത്ര കേസുകൾ ഉണ്ട് ;

(ഡി) ഈ അന്തരം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജനസമ്പർക്ക പരിപാടിയിലും എം.എൽ.എ.-മാരുടെ ശിപാർശയിന്മേലും ലഭിക്കുന്ന ചികിത്സാ ധനസഹായത്തിന്റെ അപേക്ഷയിന്മേൽ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ;

(എഫ്) സംസ്ഥാനത്ത് ഇത് രണ്ടുതരം നീതി സൃഷ്ടിക്കുന്നുവെന്ന് കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിച്ച് അർഹരായ രോഗികൾക്ക് അർഹമായ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1448 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി -എഫ്) 25,000 രൂപയ്ക്ക് മുകളിൽ തുക നൽകിയ 268 കേസ്സുകൾ ഉണ്ട്. പരാതികളുടെ സ്വഭാവമനുസരിച്ചാണ് തുക അനുവദിക്കാറുള്ളത്. എം.എൽ.എ.-മാരുടെ ശിപാർശയോടെ ലഭിച്ച അപേക്ഷകളുടെയും അല്ലാത്ത അപേക്ഷകളുടെയും വിവരം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. രണ്ടുതരം നീതി സൃഷ്ടിക്കുന്ന തരത്തിൽ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടില്ല.

സർക്കാർ ഉത്തരവുകൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കാൻ നടപടി

25 (4353) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന എല്ലാ സർക്കാർ ഉത്തരവുകളും എം.എൽ.എ.-മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലും, വിഭാഗത്തിലും ഉൾപ്പെടുന്ന സർക്കാർ ഉത്തരവുകളാണ് എം.എൽ.എ.- മാർക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ഏതെങ്കിലും വിഷയങ്ങളിൽ എം.എൽ.എ.-മാർ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട എം.എൽ.എ. മാർക്ക് നൽകണമെന്ന് ഉത്തരവുകളോ, സർക്കുലറുകളോ നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 6-2-2013-ലെ 2717/എ 2/12/പാ.കാ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാസാമാജികർക്ക് യഥാസമയം എത്തിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ സർക്കാർ പോർട്ടലായ www.kerala.gov.in/go's/circulars/ notifications-ൽ ഇപ്പോൾ തന്നെ ലഭ്യമാണ്. 21-11-2011-ലെ 77369/ സി.ഡി.എൻ.4/11/പൊ.ഭ.വ.- നമ്പർ സർക്കുലർ, 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 142/12/പൊ.ഭ.വ. നമ്പർ ഉത്തരവ് എന്നിവ പ്രകാരം നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.-മാരെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly